# വനിത ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ

(സാന്നിദ്ധ്യം : അനുപമ T.V IAS)

വിഷയം : വനിത ശിശു വികസന വകുപ്പ് - ഗാർഹിക അതിക്രമങ്ങളിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005 - ഗാർഹിക പീഢന നിരോധന ദിനാചരണ പരിപാടി നടത്തുന്നതിന് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: സ.ഉ (സാധാ) നം 55/2021/WCDD തീയതി 7-10-2021 വനിതാ ശിശു വികസന (ബി) വകുപ്പ്.

**ഉത്തരവ് നമ്പർ WEC1-18396/20 തീയതി: 22/11/2021**

കുടുംബത്തിനുള്ളിൽ സ്ത്രീകൾക്ക് നേരേ നടക്കുന്ന അതിക്രമങ്ങൾ തടയുവാൻ ഇന്ത്യയിൽ 2005ൽ പ്രാബല്യത്തിൽ വന്ന നിയമമാണ് ഗാർഹിക അതിക്രമങ്ങളിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം. സ്ത്രീകൾക്കെതിരെ നിലനിൽക്കുന്ന എല്ലാത്തരം വിവേചനങ്ങളും അവസാനിപ്പിക്കാനുള്ള ഐക്യരാഷ്ട്ര സംഘടനയുടെ സീഡോ ഉടമ്പടിയുടെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു സിവിൽ നിയമമാണിത്.

ജീവിത പങ്കാളിയിൽ നിന്നുള്ള ശാരീരിക-മാനസിക-ലൈഗിംക അതിക്രമങ്ങൾ, കടുത്ത മനുഷ്യാവകാശ ലംഘനമാണ്. ഗാർഹിക അതിക്രമങ്ങൾക്ക് ആരും തന്നെ വിധയരാകാൻ പാടില്ല എന്ന ലക്ഷ്യത്തോടുകൂടി അഭിഭാഷകർ, പോലീസ് ഉദ്യോഗസ്ഥർ, ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി, ട്രേഡ് യൂണിയൻ നേതാക്കൾ, തൊഴിൽ വകുപ്പ്, സർവ്വീസ് സംഘടന പ്രതിനിധികൾ, സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ, ഷെൽട്ടർ ഹോമുകൾ, സ്വാധാർ-ഉജ്ജ്വലാഹോം അധികാരികൾ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ജില്ലാതല പരിപാടികൾക്ക് ഒരു ജില്ലയ്ക്ക് 15,000/-രൂപ ക്രമത്തിൽ 14 വനിത സംരക്ഷണ ഓഫീസർമാർക്ക് 2,10,000/-രൂപ (രണ്ട് ലക്ഷത്തി പതിനായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം | തീയതി | വിഷയം |
| --- | --- | --- |
| 1. | 29-11-2021 | തൊഴിൽ വകുപ്പുമായി സഹകരിച്ച് ട്രേഡ് യൂണിയൻ നേതാക്കൾക്ക് PWDV Act സ്ത്രീധന നിരോധന നിയമം POSH Act എന്നീ വിഷയങ്ങളിൽ 100 പേരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കേണ്ടതാണ്.<br><br>ലഘു ഭക്ഷണം - 100X25= 2500/-<br>ബാനർ - 500/-<br>മൈക്ക്/പ്രോജക്ടർ - 3500/-<br>**ആകെ - 6500/-** |
| 2. | 30-11-2021 | വിവിധ വകുപ്പ് മേധാവികൾ,സർവ്വീസ് സംഘടന പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് POSH Act, ഗാർഹിക അതിക്രമങ്ങളിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം, സ്ത്രീധന നിരോധന നിയമം എന്നിവ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കേണ്ടതാണ്. |
| 3. | 01-12-2021 | ഡിസംബർ 1 ലോക എയ്ഡ്സ് ദിനവുമായി ബന്ധപ്പെട്ട് സർക്കാർ /സർക്കാരിതര ആശുപത്രികളിലെ ഗൈനക്കോളജിസ്റ്റ്, ഫിസിഷ്യൻ, സ്ത്രീകളുടെ അവകാശം സംരക്ഷിക്കുന്ന ആക്ടിവിസ്റ്റ്,NGO പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ചു കൊണ്ട് സ്ത്രീകളുടെ Reproductive Rights/Health ഉറപ്പാക്കുന്നതിനായി Medical Termination of Pregnancy Act Implementation -Contraceptive Acess to Women എന്ന വിഷയത്തിൽ അമ്മമാർക്ക് സ്ത്രീകൾക്ക് സെമിനാർ സംഘടിപ്പിക്കേണ്ടതാണ്.<br>ലഘു ഭക്ഷണം - 100x25= 2500/-<br>ഹോണറേറിയം - 2000/-<br>ബാനർ - 500/-<br>**ആകെ - 5000/-** |
| 4. | 03-12-2021 | **ജില്ലാതല വിധവാ സെൽ**<br>ജില്ലാതല വിധവാ സെൽ കമ്മിറ്റി കൂടേണ്ടതും വിധവകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യേണ്ടതും വിധവകൾക്ക് വേണ്ടി നടപ്പിലാക്കാൻ കഴിയുന്ന പുതിയ പദ്ധതികൾ ശുപാർശ ചെയ്യേണ്ടതുമാണ്. മിനിട്സ്, തുടർ പ്രവർത്തനം എന്നിവ സംബന്ധിച്ച റിപ്പോർട്ട് 15-12-2021ന് മുമ്പ് wcdwec@gmail.com എന്ന മെയിൽ അഡ്രസ്സിൽ സമർപ്പിക്കേണ്ടതാണ്. |
| 5. | 06-12-2021 | SPC സ്ഥിതി ചെയ്യുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനം, മറ്റ് സർക്കാർ ഇതര വകുപ്പുകൾ, സന്നദ്ധ സംഘടനകൾ, ഗ്രാമ/ ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് അംഗങ്ങൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ഗാർഹിക അതിക്രമങ്ങളിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുന്ന നിയമ പ്രകാരം ലഭ്യമാകുന്ന സേവനങ്ങൾ, SPC,WPO, Counselling centres, ക്ഷേമ സ്ഥാപനങ്ങൾ, OSC ഷെൽട്ടർ ഹോമുകൾ, സ്വാധാർ-ഉജ്ജ്വല ഹോം സംവിധാനങ്ങളെക്കുറിച്ചും ലഭ്യമാകുന്ന സേവനങ്ങളെക്കുറിച്ചും ആശ്വാസ നിധി ഉൾപ്പെടെയുള്ള സ്കീമുകളെക്കുറിച്ചും SPCയിൽ വച്ചോ ബന്ധപ്പെട്ട LSGDയിൽ വച്ചോ ബോധവൽക്കരണ ക്ലാസ്സ് |

| | | |
|---|---|---|
| | | സംഘടിപ്പിക്കേണ്ടതാണ്. എല്ലാ SPCകളിലും ഡിസംബർ 10നകം മേൽ പരിപാടി സംഘടിപ്പിക്കേണ്ടതാണ്.<br><br>ലഘു ഭക്ഷണം - 100X25= 2500/-രൂപ |
| 6. | | **ഡോക്യുമെന്റേഷൻ ചാർജ്ജ് - 1,000/-** |

ജില്ലാ വനിത ശിശു വികസന ഓഫീസറുടെ മേൽനോട്ടത്തിലും നിർദ്ദേശാനുസരണവും ആയിരിക്കണം പരിപാടികൾ സംഘടിപ്പിക്കേണ്ടത്. പരിപാടിയുടെ നടത്തിപ്പിലേക്കായി അനുവദിച്ചിരിക്കുന്ന തുകയിൽ അധികരിക്കാത്ത വിധം വിവിധ ആവശ്യങ്ങൾക്കായി തുക ക്രമീകരിക്കാവുന്നതാണ്. ജില്ലാതല പരിപാടി സംഘടിപ്പിക്കുന്നതിനായി അനുവദിക്കുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | തുക |
|---|---|---|
| 1) | തിരുവനന്തപുരം | 15,000/- |
| 2) | കൊല്ലം | 15,000/- |
| 3) | പത്തനംതിട്ട | 15,000/- |
| 4) | ആലപ്പുഴ | 15,000/- |
| 5) | കോട്ടയം | 15,000/- |
| 6) | ഇടുക്കി | 15,000/- |
| 7) | എറണാകുളം | 15,000/- |
| 8) | തൃശ്ശൂർ | 15,000/- |
| 9) | പാലക്കാട് | 15,000/- |
| 10) | മലപ്പുറം | 15,000/- |
| 11) | കോഴിക്കോട് | 15,000/- |
| 12) | വയനാട് | 15,000/- |
| 13) | കണ്ണൂർ | 15,000/- |
| 14) | കാസർഗോഡ് | 15,000/- |
| **ആകെ** | | **2,10,000/-(രണ്ട് ലക്ഷത്തി പതിനായിരം രൂപ മാത്രം)** |

ഇതിലേക്കാവശ്യമായ 2,10,000/-രൂപ (രണ്ട് ലക്ഷത്തി പതിനായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-02-103-59 (പി) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കാവുന്നതാണ്. ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുന്നതിനു ശേഷം ഡോക്യുമെന്റേഷൻ റിപ്പോർട്ടും ചെലവ് വിവരം പട്ടികയും ധനവിനിയോഗ

സാക്ഷ്യപത്രം ജില്ലാ വനിതാ സംരക്ഷണ ഓഫീസർമാർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ഒപ്പ്

വനിതശിശു വികസന ഡയറക്ടർ

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

എല്ലാ ജില്ലാ വനിത സംരക്ഷണ ഓഫീസർമാർക്കും
എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
പകർപ്പ് :

1. സൂപ്രണ്ട്, അക്കൗണ്ട് സെക്ഷൻ.
2. സ്റ്റോക്ക് ഫയൽ/സ്പെയർ

Gk/